സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം

28 (2499) ശ്രീ. കെ. മുരളീധരൻ :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട് വിശദമാക്കുമോ ;

(ഡി) എല്ലാ കുട്ടികൾക്കും യൂണിഫോം വിതരണം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) രൂപീകരിച്ചിട്ടുണ്ട്. നിലവിൽ എസ്.എസ്.എ. പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിലെ എ.പി.എൽ. വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം നടത്തുന്നുണ്ട്. എയ്ഡഡ് മേഖലയിലെ ഇതേ കാറ്റഗറിയിലുള്ള വിദ്യാർത്ഥികൾക്കും യൂണിഫോം നൽകിവരുന്നു. 2015-16 സാമ്പത്തിക വർഷത്തിലും എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ. വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ളവർക്ക് യൂണിഫോം വിതരണത്തിനുള്ള അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ച ബൃഹത്തായ ഈ വിദ്യാർത്ഥിക്ഷേമ പദ്ധതിയിലൂടെ പൊതുവിദ്യാഭ്യാസ മേഖലയിലെ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പാവപ്പെട്ട വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകി മേഖലയിലെ വിവേചനം അവസാനിപ്പിക്കുകയാണ് ലക്ഷ്യമിടുന്നത്.

(സി) യൂണിഫോം പദ്ധതിക്കായി 60 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) അടിയന്തരമായി യൂണിഫോം വിതരണം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം

29 (2500) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ട്. 150 കുട്ടികൾവരെയുള്ള സ്കൂളുകളിൽ സ്കൂൾ പ്രവർത്തിദിനം ദിവസം 200/രൂപ നിരക്കിലും 150-ന് മുകളിൽ കുട്ടികളുള്ള സ്കൂളുകളിൽ 200 രൂപക്കുപുറമെ കുട്ടിയൊന്നിന് 25 പൈസ നിരക്കിൽ പരമാവധി 250 രൂപ വീതം നൽകി വരുന്നു. നിലവിലുള്ള നിരക്ക് വർദ്ധിപ്പിക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികകൾ

30 (T2501) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികകളിൽ അഡ്വൈസ് ചെയ്ത 80-ൽ പരം ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly